(എഫ്) നിരസിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതി ധനവകുപ്പിൽ ലഭിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ പരാതിയിലുന്നയിച്ച കാര്യങ്ങൾ എന്തെല്ലാമാണ് ;

(എച്ച്) ഈ പരാതി സംബന്ധിച്ച് ധനവകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) രണ്ട് അപേക്ഷകൾ ലഭിച്ചു.

(ബി) രണ്ട് അപേക്ഷകളും അനുവദിക്കേണ്ടതില്ലെന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി.

(സി) ധനവകുപ്പിൽ അസിസ്റ്റന്റുമാരുടെ 4 ഒഴിവുകൾ ഉണ്ടായിരുന്നപ്പോൾ പി.എസ്.സി. ലോക്കൽ ഫണ്ട് ഓഡിറ്റ്, എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജസ് എന്നിവിടങ്ങളിൽ നിന്നായി 15 അപേക്ഷകൾ അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനായി ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ അന്തർവകുപ്പ് സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത അപേക്ഷകരുടെ സീനിയോറിറ്റി മറികടന്ന് ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കാനാവില്ല. മാത്രമല്ല അന്തർവകുപ്പ് സ്ഥലംമാറ്റം 'മ്യൂചൽ ട്രാൻസ്ഫർ' ആയി നൽകുവാനാവില്ല. അപേക്ഷയുടേയും അപേക്ഷകരുടേയും സീനിയോറിറ്റി പരിഗണിക്കേണ്ടതുണ്ട്.

(ഡി) നൽകിയിട്ടില്ല.

(ഇ) പ്രസ്തുത അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഫയലുകൾ തീർപ്പാക്കുകയുണ്ടായി. ആയതിനാൽ മറുപടി നൽകിയിട്ടില്ല.

(എഫ്) ഉണ്ട്.

(ജി & എച്ച്) ശ്രീ. അഗസ്റ്റിൻ. ജെ. നൽകിയ ഒരു അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. * മ്യൂചൽ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന തീരുമാനം കൈക്കൊണ്ടിരുന്നതിനാൽ തുടർനടപടികൾ ഇതിൽ ആവശ്യമില്ല. ടിയാന്റെ അപേക്ഷ ഉചിതമാർഗ്ഗേണ ലഭിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം

150 (5855) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് എന്തൊക്കെ ശുപാർശകളാണ് സർക്കാരിന് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ഇവയിൽ ഏതൊക്കെ ശുപാർശകളാണ് ഈ വർഷം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വർഷത്തിൽ എന്തൊക്കെ പുതിയ ഇൻഷ്വറൻസ് ഉൽപ്പന്നങ്ങൾ പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) ഇത്തരം പുതിയ ഉൽപ്പന്നങ്ങളിലൂടെ ഇൻഷ്വറൻസ് ബിസിനസ്സിൽ ഈ വർഷം എത്ര കോടി രൂപയുടെ വർദ്ധനവ് നേടാമെന്നാണ് കണക്കാക്കിയിരിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ) എന്ന സ്ഥാപനത്തെ സർക്കാർ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം 2008 ആഗസ്റ്റിൽ സർക്കാരിൽ സമർപ്പിച്ച പഠന റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും, വകുപ്പിന്റെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ വിപുലീകരിച്ച് പുനഃസംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിനായി ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച ശുപാർശകൾ ചുവടെ ചേർക്കുന്നു.

1 ഇൻഷ്വറൻസ് വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം.

2. കമ്പ്യൂട്ടറൈസേഷനോടൊപ്പം നിലവിലുള്ള അക്കൗണ്ടിംഗ് സിസ്റ്റം ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറ്റുക.

3. ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിൽ പുതിയ ഉൽപ്പന്നങ്ങൾ ആരംഭിക്കുക.

4. ലൈഫ് ഇൻഷ്വറൻസ് പദ്ധതി പൊതുമേഖലാ, എയിഡഡ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നിർബന്ധമാക്കുക.

5. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജനറൽ ഇൻഷ്വറൻസ് പദ്ധതി നിർബന്ധമായും ഇൻഷ്വറൻസ് വകുപ്പുവഴി തന്നെ നടപ്പിലാക്കുക.

6. സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകളുടേയും, വകുപ്പുകളുടേയും ക്ഷേമ പദ്ധതികൾ ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പിലാക്കുക

7. ആക്ചുറിയൽ വാല്യുവേഷൻ വാർഷികമായി നടപ്പിലാക്കുക.

8. ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ സ്വയം ഭരണാധികാരം നൽകുക.

9. ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിലുള്ള പ്രീമിയം സ്ലാബുകൾ പുതുക്കി നിശ്ചയിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

10. ബിസിനസ് ഡെവലപ്മെന്റ് സെൽ രൂപീകരിക്കുക.

11. ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ നൽകുക.

12. നടപടിക്രമങ്ങൾ ലഘൂകരിക്കുക.

13. നിലവിലുള്ള റീ-ഇൻഷ്വറൻസ്, കോ-ഇൻഷ്വറൻസ് ഉടമ്പടികൾ പരിശോധിച്ച് പരിഷ്ക്കരിക്കുക

14. ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക.

(സി) ഈ വർഷം താഴെപ്പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

1. ഐ.സി.എ.ഐ. എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക.

2. വകുപ്പിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കുക.

3. വകുപ്പിന്റെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ വിപുലീകരിക്കുക.

(ഡി) ലൈഫ് ഇൻഷ്വറൻസ് വിഭാഗത്തിൽ പുതുതായി ധനവർഷ, ധന സമൃദ്ധി എന്നീ രണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) ഈ പദ്ധതികൾ നടപ്പിലാക്കിയാൽ ഏകദേശം 50 കോടി രൂപ വരെ അധികവരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ കമ്മീഷനും ആനുകൂല്യങ്ങളും

151 (5856) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം ഈ വർഷം ജൂൺ 30 വരെ ലഭിച്ച നിക്ഷേപം എത്ര ; കഴിഞ്ഞ സാമ്പത്തിക വർഷം നിക്ഷേപം എത്ര ;

(സി) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ കമ്മീഷനും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. മഹിളാപ്രധാൻ ഏജന്റുമാർക്ക് അവർ സമാഹരിക്കുന്ന തുകയുടെ 4% കമ്മീഷനായി കേന്ദ്ര ഗവൺമെന്റ് പോസ്റ്റാഫീസുകൾവഴി നൽകുന്നു. അതിനുപുറമേ സംസ്ഥാന സർക്കാർ 4% പ്രതിമാസ പ്രോൽസാഹന അലവൻസും അലവൻസിന് അർഹമായ തുകയുടെ

LIBRARY ARCHIVES Kerala Legislative Assembly